No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2020

### എം.ബി.ബി.എസ്/ബി.ഡി.എസ് /അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് ആയുർവേദ/ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ്

## ഓപ്ഷൻ കൺഫർമേഷനും, ഓപ്ഷൻ രജിസ്ട്രേഷനുമുള്ള അവസരം

2020–ലെ എം.ബി.ബി.എസ്/ബി.ഡി.എസ്/അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിലേക്കും ആയുർവേദ, ഹോമിയോ കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിലേക്കുമുള്ള നടപടിക്രമങ്ങൾ **05.12.2020**–ന് വൈകുന്നേരം മുതൽ ആരംഭിക്കുന്നതാണ്. ആയുർവേദ, ഹോമിയോ കോഴ്സുകളിലേയ്ക്കും, പാലക്കാട് കരുണ മെഡിക്കൽ കോളേജ് (KMM), തിരുവനന്തപുരം SUT മെഡിക്കൽ കോളേജ് (SUC) എന്നീ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സിലേയ്ക്കും ഈ ഘട്ടത്തിൽ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. സിദ്ധ, യുനാനി കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ഉണ്ടായിരിക്കുന്നതല്ല.

സംസ്ഥാനത്തെ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകളിലെ ബി.എ.എം.എസ് കോഴ്സിലെ 15% അഖിലേന്ത്യാ ക്വാട്ടാ സീറ്റുകളിലേയ്ക്കും 01.12.2020 ലെ A3/330/2020/AYUSH നമ്പർ കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ ആയിരിക്കും അലോട്ട്മെന്റ് നടത്തുന്നത്. ഈ ഘട്ടത്തിൽ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച സംസ്ഥാന ആയൂർവേദ റാങ്ക് ലിസ്റ്റ് പ്രകാരം ജനന സ്ഥലം പരിഗണിക്കാതെയായിരിക്കും.

### ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്:

എം.ബി.ബി.എസ്/ബി.ഡി.എസ്/അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/ കോഴ്സ് എന്നിവയിലേക്ക് ആവശ്യമുള്ള പക്ഷം ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **05.12.2020 മുതൽ 09.12.2020, രാവിലെ 11.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. ഒന്നാംഘട്ടത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ്/അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിൽ അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ചവരും, അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായി നടത്തേണ്ടതാണ്. ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ എം.ബി.ബി.എസ്/ബി.ഡി.എസ്/അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് വിഭാഗങ്ങളിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ രണ്ടാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവർക്ക് ഒന്നാംഘട്ട അലോട്ട്മെന്റിലൂടെ ലഭിച്ച അഡ്മിഷൻ നിലനിൽക്കുന്നതായിരിക്കും.

**09.12.2020 രാവിലെ 11.00 മണി വരെ ലഭിക്കുന്ന** ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്, ബി.ഡി.എസ്, അഗ്രികൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ് എന്നീ കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റും ആയൂർവേദ, ഹോമിയോ കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റും **10.12.2020–ന്** വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്.എം.ബി.ബി.എസ്/ബി.ഡി.എസ്/അഗ്രികൾച്ചർ/ വെറ്ററിനറി/ ഫോറസ്ട്രി / ഫിഷറീസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) **11.12.2020 മുതൽ 15.12.2020, 3.00 മണി** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഹെഡ് പോസ്റ്റ് ഓഫീസ് ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം വിദ്യാർത്ഥികൾ

അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/ കോളേജിൽ **11.12.2020 മുതൽ 15.12.2020 വൈകുന്നേരം 4.00 മണിക്ക്** മുൻപായി പ്രവേശനം നേടേണ്ടതാണ്.

## അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **05.12.2020** | എം.ബി.ബി.എസ്/ബി.ഡി.എസ്/അഗ്രികൾച്ചർ/വെറ്ററിനറി/ ഫോറസ്ട്രി / ഫിഷറീസ് കോഴ്സുകളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദുചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/ കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| **09.12.2020 (രാവിലെ 11.00 മണി)** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **10.12.2020** | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **11.12.2020–15.12.2020**<br>**വൈകിട്ട് 3.00 മണി വരെ** | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക **11.12.2020 മുതൽ 15.12.2020** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ (ബാധകമെങ്കിൽ) ഒടുക്കേണ്ടതാണ്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ് /കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| **15.12.2020**<br>**വൈകിട്ട് 4.00 മണി വരെ** | മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

## List of New Medical Colleges Included in this phase

| Sl.No. | College code | *Self financing Medical colleges* | General (85%) | NRI (15%) |
|---|---|---|---|---|
| **1** | **KMM** | Karuna Medical College, vilayodi, Chittur, Palakkad | **Rs.6,32,800/-** | **20,00,000/-** |
| **2** | **SUC** | SUT Academy of Medical Sciences, Vattapara, Thiruvananthapuram | **Rs.6,22,800/-** | **20,00,000/-** |

<u>കുറിപ്പ്</u>: *2020–21 അദ്ധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വാർഷിക ട്യൂഷൻ ഫീസ് 11.11.2020 ലെ G.O.(MS)No.218/2020/H&FWD ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. 13.11.2020 ലെ WP(c) No.24070,24219, 24725/2020 എന്നീ ഹർജികളിൽ ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വിവിധ സ്വാശ്രയ മെഡിക്കൽ കോളേജ് അധികൃതർ ആവശ്യപ്പെട്ടിരിക്കുന്ന പരമാവധി വാർഷിക ഫീസ് വെബ് സൈറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. (18.11.2020 ഈ ഓഫീസിലെ വിജ്ഞാപനപ്രകാരം) എന്നാൽ നിലവിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ G.O.(MS)No.218/2020/H&FWD എന്ന സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് മാത്രം അടച്ചാൽ മതിയാകും. ആയതിനൊപ്പം കോടതിയുടെ അന്തിമ വിധിക്കനുസൃതമായി ബഹു.കോടതിയോ/കോടതി നിർണ്ണയിക്കുന്ന അധികാര സ്ഥാപനമോ നിശ്ചയിക്കുന്ന വാർഷിക ഫീസ് ഈ ഘട്ടത്തിൽ അടയ്ക്കുന്ന ഫീസിനേക്കാൾ അധികമാകുന്ന പക്ഷം, അധിക തുക അടയ്ക്കാൻ ബാധ്യസ്ഥരാണെന്ന് സമ്മതപത്രം (undertaking), പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിരിക്കുന്ന മാതൃകയിൽ ബന്ധപ്പെട്ട കോളേജധികാരിക്ക് നൽകേണ്ടതുമാണ്. ഈ ഘട്ടത്തിൽ അടയ്ക്കേണ്ട ഫീസ് സംബന്ധമായ വിവരങ്ങൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.*

## List of Colleges Included in this phase

| | | | |
|---|---|---|---|
| **Govt.Ayurveda medical Colleges** | | | |
| 1 | KNA | Govt.Ayurveda College, Medical College.p.o., Pariyaram, Kannur-670503 | Rs.12,000/- |
| 2 | TPA | Govt.Ayurveda College, Dhanwanthari nagar, Tripunithura, Ernakulam-682301 | Rs.12,000/- |
| 3 | TVA | Govt.Ayurveda College, G.P.O., Thiruvananthapuram | Rs.12,000/- |
| **Aided Ayurveda Medcial Colleges** | | | |
| 1 | KTL | VPSV Ayurveda College, Edaricode.p.o., Kottakkal, Malappuram | Rs.12,000/- |
| 2 | OLR | Vidyarethnam Aayaurva College, Thaikkattussery.p.o., Ollur, Trissur | Rs.12,000/- |

| | | | |
|---|---|---|---|
| **Private Self Financing Ayurveda Medical Colleges [BAMS]** | | | |
| 1 | AHA | Ahalia Ayurveda Medical College, Elippara, Kozhipara, Palakkad | Rs. 1,99,415/- |
| 2 | AST | Ashtangam Ayurveda Chikithsalayam&Vidhyapeedam, Palakkad | Rs. 1,99,415/- |
| 3 | MAM | Mannam Ayurveda Co-operative Medical College, Pandalam, Pathanamthitta – 689 501 | Rs. 1,99,415/- |
| 4 | SGA | Santhigiri Ayurveda Medical College, Olassery P O, Kodumbu Via, Palakkad – 678 551 | Rs. 1,99,415/- |
| 5 | SNA | Sree Narayana Institute of Ayurvedic Studies & Research, Karimpinpuzha P O, Pangode, Puthur, Kollam | Rs. 1,99,415/- |
| 6 | VSH | Vishnu Ayurveda College, Govt. Press P O, Shornur, Palakkad | Rs. 1,99,415/- |
| 7 | NGL | Nangeli Ayurveda Medical College, Nellikuzhy.p.o.,Kothamangalm, Ernakulam | Rs. 1,99,415/- |
| 8 | PNA | PNNM Ayurveda Medical College, Cheruthuthi.p.o.,Shoranoor, Thrissur-679531 | Rs. 1,99,415/- |
| 9 | PRK | MVR Aurveda Medical College, Parasini Kadavu.P.O, Kannur-670563 | Rs. 1,99,415/- |
| **Government Homoeopathic Medical Colleges [BHMS]** | | | |
| 1 | KKH | Government Homoeopathic Medical College, Karaparamba P O, Kozhikode-10 | Rs. 2,087/- |
| 2 | TVH | Government Homoeopathic Medical College, Iranimuttam, Manacaud P O, Thiruvananthapuram-695009 | Rs. 2,087/- |
| **Aided Homoeopathic Medical Colleges [BHMS]** | | | |
| 1 | EKH | Dr. Padiyar Memorial Homoeopathic Medical College, Chottanikkara P O, Ernakulam | Rs. 2,087/- |
| 2 | KTH | Athurasramam NSS Homoeopathic Medical College, Sachivothamapuram P O, Kottayam | Rs. 2,087/- |
| 3 | NEH | Sreevidhyadhiraja Homoeopathic Medical College, Nemom, Thiruvananthapuram. | Rs. 2,087/- |

**ഫീസ്:**

മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് കോഴ്സ് തിരിച്ച് വെബ്സൈറ്റിൽ ലഭ്യമാണ്. ആയുർവേദ കോഴ്സുകൾക്ക് എ.എഫ്.ആർ.സി./സർക്കാർ നിശ്ചയിക്കുന്ന ഫീസ് നിരക്ക് ബാധകമായിരിക്കും.

**ടോക്കൺ ഫീസ്:**

- എം.ബി.ബി.എസ് കോഴ്സിന് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 3 ലക്ഷം രൂപയും, എൻ.ആർ.ഐ ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 5 ലക്ഷം രൂപയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. സ്വാശ്രയ ആയൂർവേദ കോളേജുകളിലെ ബി.എ.എം.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്നവരും ബി.ഡി.എസ് കോഴ്സിന് സ്വാശ്രയ ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ ഉൾപ്പെടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 1 ലക്ഷം രൂപയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എം.ബി.ബി.എസ് & ബി.ഡി.എസ്, ആയൂർവേദ, ഹോമിയോ കോഴ്സുകളിലേയ്ക്ക് ഗവൺമെന്റ് മെഡിക്കൽ/ദന്തൽ/ആയൂർവേദ/ഹോമിയോ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചവരും, അഗ്രികൾച്ചർ/വെറ്ററിനറി/ഫിഷറീസ് യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചവരും മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ഒ.ഇ.സി–ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ **20.06.2005** തീയതിയിലെ **GO(Ms) No. 25/2005/SCSTDD,** G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ മെഡിക്കൽ/ദന്തൽ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ടോക്കൺ ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരുമല്ലാതാകുന്നതുമാണ്.

*<u>കുറിപ്പ്:</u>*

1) *അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*
2) *22.10.2020 ലെ ASC മാനദണ്ഡങ്ങൾ പ്രകാരം താത്ക്കാലികമായി എൻ.ആർ.ഐ കാറ്റഗറി അനുവദിച്ച വിദ്യാർത്ഥികളും, നിലവിൽ എൻ.ആർ.ഐ സീറ്റിൽ താത്ക്കാലിക അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളതുമായ വിദ്യാർത്ഥികളും* ***08.12.2020, ഉച്ചയ്ക്ക് 1.00*** *മണിയ്ക്ക് മുമ്പായി മെമ്മോ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അപ് ലോഡ് ചെയ്ത് ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിലവിൽ ലഭിച്ച അലോട്ട്മെന്റ്, എൻ.ആർ.ഐ കാറ്റഗറി ക്ലെയിം എന്നിവ നഷ്ടമാകുന്നതാണ്.*
3) *ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ* ***07.12.2020*** *ന് വൈകുന്നേരം 5 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.*

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
**05.12.2020**

**പ്രവേശന പരീക്ഷാ കമ്മീഷണർ**